"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയം വില്ലേജിൽ ബ്ലോക്ക് നമ്പർ 1, റീസർവേ നമ്പർ 20/1-1, 20/1-3, 20/1-3-1 ൽ ഉൾപ്പെട്ട 1.2141 ഹെക്ടർ സ്ഥലത്ത് ഫാം നടത്തുന്നതിനായി സ്ഥലം ഒരുക്കുന്നതിന്റെ ഭാഗമായി ടി സ്ഥലത്ത് ശേഖരിച്ചിട്ടുള്ള 2100 മെട്രിക് ടൺ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് ശ്രീ. ജോബി ജോസഫ്, കൂലിപ്പറമ്പിൽ, വെളനിലം പി.ഒ., മുണ്ടക്കയം എന്ന വ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.40/2026/ID തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 15.01.2022-ലെ ശ്രീ.ജോബി ജോസഫ്, കൂലിപ്പറമ്പിൽ, വെളനിലം പി.ഒ., മുണ്ടക്കയം സമർപ്പിച്ച അപേക്ഷ.
3. 28.02.2023-ലെ കോട്ടയം സബ് കളക്ടറുടെ K1-2993/2022 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
4. 16.03.2023-ലെ കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ 182/DOY/ML/2022 നമ്പർ കത്ത്.
5. 22.05.2023-ലെ മൈനിഗ് & ജിയോളജി ഡയറക്ടറുടെ DMG/2122/2022-M2 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയം വില്ലേജിൽ ബ്ലോക്ക് നമ്പർ 1, റീസർവേ നമ്പർ 20/1-1, 20/1-3, 20/1-3-1 ൽ ഉൾപ്പെട്ട 1.2141 ഹെക്ടർ സ്ഥലത്ത് ഫാം നടത്തുന്നതിന്റെ ഭാഗമായി സ്ഥലം ഒരുക്കുന്നതിന് ഉരുളൻ കല്ലുകൾ നീക്കം ചെയ്യുന്നതിന് ശ്രീ. ജോബി ജോസഫ്, കൂലിപ്പറമ്പിൽ, വെളനിലം പി.ഒ, മുണ്ടക്കയം എന്ന വ്യക്തി കോട്ടയം ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ജില്ലാ ഓഫീസിൽ നിന്നും 17.3.2022-ന് നടത്തിയ പരിശോധനയിൽ ഫാം നിർമ്മാണത്തിന്റെ ഭാഗമായി മേൽ വസ്തുവിൽ പല ഭാഗങ്ങളിലായി ഉരുളൻ കല്ലുകൾ ശേഖരിച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു. മേൽ പരാമർശിത സ്ഥലത്ത് അനധികൃതമായി കരിങ്കല്ല് ഖനനം ചെയ്ത് വിൽപ്പനയ്ക്ക് സൂക്ഷിച്ചിട്ടുള്ളതായി പോലീസ് ഇൻസ്പെക്ടർ, മുണ്ടക്കയം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 23.6.2021-ൽ ജില്ലാ ഓഫീസിൽ നിന്നും പരിശോധന നടത്തിയിരുന്നതും ടി സ്ഥലത്ത് 1994.7 $M^3$ (4986.75 മെട്രിക് ടൺ) കരിങ്കല്ല് ശേഖരിച്ചിരിക്കുന്നതായി കണ്ടെത്തുകയും ചെയ്തിരുന്നു. The Kerala Micro Small & Medium Enterprises Facilitation Rules 2020 പ്രകാരം "Natural Fish, Poultry, diary, fruits, value added products' Acknowledgement No.KLMSME-286/2021 പ്രകാരം അനുമതി കരസ്ഥമാക്കിയിട്ടുള്ളതാണ്. ഫാം നിർമ്മിക്കുന്നതിന്റെ ഭാഗമായി കരിങ്കല്ല് നീക്കം ചെയ്യുന്നതിന് കോട്ടയം സബ് കളക്ടർ പരാമർശം(3) നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചിട്ടുണ്ട്. അപേക്ഷാ സ്ഥലം ജില്ലാ ഓഫീസിൽ നിന്നും 01.03.2023 ന് പരിശോധന നടത്തിയിട്ടുള്ളതും 2100 മെട്രിക് ടൺ ഉരുളൻ കല്ലുകളും/ഖനനം ചെയ്ത കരിങ്കല്ലും ശേഖരിച്ചിട്ടുണ്ടെന്ന് അളന്നു തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് മുൻകാലങ്ങളിൽ ശേഖരിച്ചിരുന്ന കരിങ്കല്ലിൽ കുറച്ചുഭാഗം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കിയെന്നും അപേക്ഷകൻ അറിയിച്ചിട്ടുണ്ട്. KLMSME-286/2021 അനുമതി പ്രകാരമുള്ളതും പഞ്ചായത്ത് നൽകിയ അനുമതി പ്രകാരമാണ് ടി പ്രവർത്തനങ്ങൾ നടത്തിയതെന്നും പരിശോധനയിൽ ഫാം നിർമ്മാണത്തിന്റെ ഭാഗമായ പ്രവർത്തനങ്ങളാണ് ടി സ്ഥലത്ത് നടത്തിയിട്ടുള്ളതെന്നും ജിയോളജിസ്റ്റ്

അറിയിച്ചിട്ടുണ്ട്. നിലവിൽ ടി സ്ഥലത്ത് ശേഖരിച്ചിട്ടുള്ള 2100 മെട്രിക് ടൺ കരിങ്കല്ലിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ റൂൾ 104 പ്രകാരം അനുമതി നൽകുന്നതിന് ജില്ലാ ജിയോളജിസ്റ്റ് ശുപാർശ ചെയ്ത സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(5) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

2).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയം വില്ലേജിൽ ബ്ലോക്ക് നമ്പർ 1, റീസർവേ നമ്പർ 20/1-1, 20/1-3, 20/1-3-1 ൽ ഉൾപ്പെട്ട 1.2141 ഹെക്ടർ സ്ഥലത്ത് ഫാം നടത്തുന്നതിനായി സ്ഥലം ഒരുക്കുന്നതിന്റെ ഭാഗമായി ടി സ്ഥലത്ത് ശേഖരിച്ചിട്ടുള്ള 2100 മെട്രിക് ടൺ കരിങ്കല്ല് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് ശ്രീ. ജോബി ജോസഫ്, കൂലിപ്പറമ്പിൽ, വെളനിലം പി.ഒ, മുണ്ടക്കയം എന്ന വ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.ധാതു ഖനനം ചെയ്യുന്നതിന് സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

2. നീക്കം ചെയ്യേണ്ട 2100 മെട്രിക് ടൺ ധാതുവിന്റെ റോയൽറ്റി മുൻകൂറായി ഒടുക്കേണ്ടതാണ്.

3.ധാതു നീക്കംമൂലം പരിസ്ഥിതി, സമീപവസ്തുക്കൾ, റോഡുകൾ, താമസവീടുകൾ എന്നിവയ്ക്ക് കേടുപാടുകളോ ബുദ്ധിമുട്ടോ ഉണ്ടാകാൻ പാടുള്ളതല്ല.

4.റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിരാക്ഷേപപത്രത്തിലും ജിയോളജിസ്റ്റിന്റെ റിപ്പോർട്ടിലും പരാമർശിച്ച തരത്തിൽ അനധികൃത ഖനനം സംബന്ധിച്ച് ഏതെങ്കിലും തുടർനടപടികൾ സ്വീകരിക്കുവാൻ ഉണ്ടെങ്കിൽ ആയതു കൂടി പൂർത്തീകരിച്ചുവെന്നു ജില്ലാ ഓഫീസിൽ നിന്നും ഉറപ്പു വരുത്തേണ്ടതാണ്.

5.റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിരാക്ഷേപപത്രത്തിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

6.കോട്ടയം ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

7.ചട്ടം 104 പ്രകാരം നൽകിയ അനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SABU ANTONY K**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം

സബ് കളക്ടർ, കോട്ടയം

ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം

ശ്രീ. ജോബി ജോസഫ്, കൂലിപ്പറമ്പിൽ, വെളനിലം പി.ഒ, മുണ്ടക്കയം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 14-01-2026 12:23:00